നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

1979 ഒക്ടോബർ 23, ചൊവ്വ

വാല്യം XLVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 1979 ഒക്ടോബർ 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 9-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. പ്രസ്താവന

പ്രതിപക്ഷനേതാവ് ശ്രീ. പി. കെ. വാസുദേവൻ നായർ

ചെയ്ത പ്രസ്താവന

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....

പ്രതിപക്ഷനേതാവ് (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ഈ സഭയുടെ പരിഗണനക്കുവേണ്ടി സുപ്രധാനമായ ഒരു പ്രശ്നം അൽപ നിമിഷങ്ങൾകൊണ്ട് ഉന്നയിക്കാൻ എന്നെ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു. ഈ രണ്ടാഴ്ചക്കുള്ളിൽ വളരെ പ്രധാനപ്പെട്ട രാഷ്ട്രീയ സംഭവവികാസങ്ങൾ ഉണ്ടാവുകയും ഇവിടെ ഒരു പുതിയ ഗവൺമെൻറ് രൂപം കൊള്ളുകയും ചെയ്തിട്ടുണ്ട്. ആ ഗവൺമെൻറ് പഴയതിൻെറ തുടർച്ചയല്ലെന്നും തികച്ചും പുതിയ ഒരു ഗവൺമെൻറാണെന്നും മുഖ്യമന്ത്രി പ്രസ്താവിച്ചത് നാമെല്ലാം വായിക്കുകയുണ്ടായി. സർ, എന്നാൽ വണ്ടിക്കു പിന്നിൽ കാളയെ കെട്ടുന്നമാതിരി ഇങ്ങനെയൊരു ഗവൺമെൻറ് രൂപംകൊണ്ടത് എന്തിനാണ്, എന്തിൻെറ പേരിലാണ് ഈവക കാര്യങ്ങളൊന്നും പറയാൻ കഴിവില്ലാതെ.....

ശ്രീ. കെ. ചന്ദ്രശേഖരൻ: ഒരു ചോദ്യം.....(ഭരണഭാഗത്തുള്ള എം. എൽ. എ.-മാർ എഴുന്നേറ്റുനിന്ന് ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. അപ്പോൾ പ്രതിപക്ഷത്തുനിന്ന് പല മെമ്പർമാരും എഴുന്നേറ്റുനിന്ന് ബഹളംവയ്ക്കാൻ തുടങ്ങി.)

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഈ ഗവൺമെൻറിന് ഒരു ഗവൺമെൻറ് എന്നു പറയാൻ എന്താണ് അവകാശം, എന്താണ് ന്യായം, എന്താണ് അധികാരം എന്ന് അറിയാൻ വേണ്ടിയാണ് ഞാൻ ഈ പ്രശ്നം ഉന്നയിക്കുന്നത്. ഈ ഗവൺമെൻറ് ഒരു പുതിയ ഗവൺമെൻറാണോ; ആണെങ്കിൽ ഈ ഗവൺമെൻറിൻെറ നയം എന്താണ് എന്ന് അറിയാൻ ഈ

LIBRARY ARCHIVES Kerala Legislative Assembly

സഭയ്ക്ക് അവകാശമുണ്ട്, ഈ നാട്ടിലെ ജനങ്ങൾക്ക് അവകാശമുണ്ട്. ഇതിനകംതന്നെ ഈ ഗവൺമെൻറിനെ പിന്താങ്ങുന്നു എന്നു പറയുന്ന ഒരു പാർട്ടിയുടെ നേതാവ് ഈ സഭക്ക് പുറത്താണെങ്കിൽപ്പോലും ഈ നാട്ടിലെ ജനങ്ങളെ വളരെയധികം ചിന്തിപ്പിക്കുന്ന ഒരു പ്രശ്നം, ഉദ്യോഗസംവരണം എന്ന പ്രശ്നത്തെപ്പറ്റി അദ്ദേഹത്തിൻറെയും അദ്ദേഹത്തിൻറെ പാർട്ടിയുടെയും അഭിപ്രായം ഉന്നയിച്ചു. അതിന് ശ്രീ. കരുണാകരൻ പറഞ്ഞ മറുപടി, ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടെ ദയനീയമായ മൗനവും. ഞാൻ ആ കാര്യത്തിൽ കാണുകയുണ്ടായി. അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്ത പ്രസ്താവനയും. ഞാൻ വായിച്ചു. ആർ. എസ്. എസ്.-നെപ്പറ്റി അദ്ദേഹം പണ്ട് പറഞ്ഞ കാര്യങ്ങളെപ്പറ്റി പത്രക്കാർ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, അതിനുശേഷം വടക്കെങ്ങോ ഒരു ആറ്റിൽക്കൂടി ധാരാളം വെള്ളം ഒഴുകിക്കഴിഞ്ഞിരിക്കുന്നു എന്ന്. ശ്രീ. സി. എച്ച്. മുഹമ്മദുകോയ ഇങ്ങനെ പറഞ്ഞപ്പോൾ അതെന്നെ അത്യധികം വേദനിപ്പിക്കുകയുണ്ടായി. എന്താണ് സർ, ഈ ഗവൺമെൻറിൻറെ നയം? ഈ ഗവൺമെൻറ് ആർക്കുവേണ്ടിയാണ് ഈ രാജ്യത്ത് ഭരിക്കുന്നത്. സാധാരണഗതിയിൽ ഗവർണ്ണറുടെ ഒരു നയപ്രഖ്യാപനത്തിന് സാങ്കേതികമായ ബുദ്ധിമുട്ടുകൾ ഉണ്ടാകാം. എനിക്ക് അത് മനസ്സിലാകും. എന്നാൽ മുഖ്യമന്ത്രി ഈ സഭയിലേക്ക് വരുമ്പോൾ ആദ്യമായി ചെയ്യേണ്ടിയിരുന്ന ഒരു കാര്യം അദ്ദേഹത്തിൻറെ ഗവൺമെൻറിൻറെ നയം എന്ത് എന്ന് പറയുകയായിരുന്നു. അദ്ദേഹം എപ്പോൾ പറയും. നാളെ പറയുമോ; മറ്റന്നാൾ പറയുമോ; അദ്ദേഹത്തിന് വല്ലതും പറയാനുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ പറയും? അദ്ദേഹം പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. സഭയ്ക്കും ജനങ്ങൾക്കും സി. എച്ച്. മന്ത്രിസഭയുടെ നയം എന്തെന്നറിയാനുള്ള ആഗ്രഹംകൊണ്ടാണ് സുപ്രധാനമായ ഈ പ്രശ്നം അങ്ങയുടെയും സഭയുടെയും വിശിഷ്യ മുഖ്യമന്ത്രിയുടെയും ശ്രദ്ധക്കുവേണ്ടി വിഷയീഭവിപ്പിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ: സർ.....

(സഭയുടെ രണ്ടുഭാഗത്തുനിന്നും ബഹളം)

ശ്രീ. എം. വി. രാഘവൻ: കരുണാകരൻ മുഖ്യമന്ത്രിയായോ? കോയ പറയണം. മറുപടി പറ കോയാ?

ശ്രീ. പി. കെ. വാസുദേവൻ നായർ: കരുണാകരൻ മുഖ്യമന്ത്രിയായിക്കഴിഞ്ഞിട്ടില്ല സർ.

ശ്രീ. കെ. കരുണാകരൻ: നിയമസഭ നടന്നുകൊണ്ടിരുന്ന അവസരത്തിൽ അദ്ദേഹം ഇവിടെനിന്ന് രാജിവെച്ച് പോകാനുള്ള കാരണമെന്താണ് എന്ന് ഈ സഭയിലെ ഒരംഗമെന്നുള്ള നിലയിൽ എനിക്കറിയാൻ ആഗ്രഹമുണ്ട്. നിയമസഭ നടന്നുകൊണ്ടിരുന്ന അവസരത്തിൽ അദ്ദേഹം എന്തിന് രാജിവച്ചു. രാജിവെക്കാനുള്ള കാരണമെന്താണ്?

ശ്രീ. എം. വി. രാഘവൻ: കരുണാകരനാണോ അതോ കോയയാണോ മുഖ്യമന്ത്രി എന്നാണ് അറിയേണ്ടത്. ഞങ്ങൾ വിചാരിച്ചത് കോയയാണ് മുഖ്യമന്ത്രിയെന്നാണ്. കരുണാകരൻ എപ്പോൾ മുഖ്യമന്ത്രിയായി?

(ഈ സമയമെല്ലാം രണ്ടു ഭാഗത്തുനിന്നും വളരെയധികം മെമ്പർമാർ എഴുന്നേറ്റുനിന്ന് എന്തൊക്കെയോ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. ആർക്കും ഒന്നും മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല.)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഒരുമാതിരി കഴിഞ്ഞോ?

(സഭയിൽ വീണ്ടും ബഹളം)

ശ്രീ. എം. വി. രാഘവൻ: കഴിഞ്ഞിട്ടില്ല. ചെറിയ തുടക്കമേ ആയിട്ടുള്ളു.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, വളരെ അപ്രതീക്ഷിതമായി, യാതൊരു പ്രകോപനവുമില്ലാതെ അന്നത്തെ മുഖ്യമന്ത്രി രാജിവച്ച് പെട്ടെന്നുപോയപ്പോഴാ ഇവിടെ ഒരു ഭരണസ്തംഭനം ഉണ്ടാകാതിരിക്കുവാൻവേണ്ടിയാണ് ഞാൻ അധികാരം ഏറ്റെടുത്തത്. (പ്രതിപക്ഷത്തു നിന്നും ബഹളം) എന്നോട് നയപ്രഖ്യാപനം ചെയ്യാൻ ആവശ്യപ്പെടുകയല്ലാതെ അത് കേൾക്കാൻ തന്റെ അനുയായികളെ. നിയന്ത്രിക്കുവാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രമിക്കുകകൂടി ചെയ്യണമെന്നാണ് എനിക്ക് അദ്ദേഹത്തോട് അഭ്യർത്ഥിക്കുവാനുള്ളത്. വളരെ പെട്ടെന്ന് ഇങ്ങനെ അധികാരം ഏറ്റെടുക്കേണ്ടിവന്നതുകൊണ്ട് ഒരു നയപ്രഖ്യാപനത്തിനോ നയം രൂപീകരിക്കാനോ സാവകാശം എനിക്കുണ്ടായിട്ടില്ല. അത് യഥാകാലം ചെയ്യുന്നതാണെന്ന് ഞാൻ പറയുന്നു. പഴയ ഗവൺമെന്റിന്റെ നയത്തിൽ നിന്നും എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ.....(പ്രതിപക്ഷത്തു നിന്നും ഭരണഭാഗത്തുനിന്നുമുള്ള അംഗങ്ങളുടെ ബഹളം). സർ, അതുകൊണ്ട് നയപ്രഖ്യാപനം ചെയ്യാൻ എനിക്കുവേണ്ട സാവകാശം തരണമെന്നും അത് യഥാകാലം ചെയ്യുന്നതാണെന്നും ഞാൻ പറയുന്നു.

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽനിന്നും ഒരു കാര്യം വളരെ വ്യക്തമായി. ഈ ഗവൺമെന്റിന് ഒരു നയമില്ലെന്ന് അദ്ദേഹം ഇവിടെ പറഞ്ഞുകഴിഞ്ഞു.

(ഭരണപക്ഷത്തുനിന്നും അതിനെ ചോദ്യംചെയ്തുകൊണ്ടും പ്രതിപക്ഷത്തുനിന്നും തിരിച്ചും ഉച്ചത്തിലുള്ള വിളികൾ)

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മുഖ്യമന്ത്രി, തന്റെ അനുയായികളെ ശാന്തരായിരിക്കണമെന്ന് ഉപദേശിക്കണമെന്നു പ്രതിപക്ഷനേതാവിനോടു പറഞ്ഞു. എന്നാൽ പ്രതിപക്ഷനേതാവ് സംസാരിക്കുവാൻ തുടങ്ങിയപ്പോഴാ നയപ്രഖ്യാപനങ്ങളും തുരുതുരെ വരാൻ തുടങ്ങിയിരിക്കുകയാണ്. (ബഹളം) അതുകൊണ്ട് പ്രതിപക്ഷനേതാവിന് സംസാരിക്കുവാൻ സൗകര്യം കൊടുക്കത്തക്കനിലയിൽ മുഖ്യമന്ത്രി അനുയായികളെ നിയന്ത്രിക്കണം. (ബഹളം).

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിലാകട്ടെ മറ്റേതെങ്കിലും രാജ്യത്തിന്റെ ചരിത്രത്തിലാകട്ടെ, ഇതുപോലെയുള്ള ഒരു ഗവൺമെന്റിനെ കണ്ടിട്ടില്ല. ഒരു നയവും ഇല്ലായ്മ!

ശ്രീ. പി. ബി. ആർ. പിള്ള: മുഖ്യമന്ത്രിയായപ്പോഴാ പി. കെ. വാസുദേവൻ നായർ നയപ്രഖ്യാപനം നടത്തിയിട്ടുണ്ടോ?

(മിനിട്ടുകൾ നീണ്ടുനിന്ന ബഹളം)

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, പോയിന്റ് ഓഫ് ഓർഡർ. (ഇരുപക്ഷത്തുനിന്നുമുള്ള ബഹളംവയ്ക്കലിനിടയിലും ബഹുമാനപ്പെട്ട മെമ്പർ തുടരെത്തുടരെ പോയിന്റ് ഓഫ് ഓർഡർ എന്ന് വിളിച്ചുപറയുന്നുണ്ടായിരുന്നു.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇവർക്ക് ഓരോരുത്തർക്കും ഓരോ നയമുണ്ട്. അവർക്ക് ഓരോരുത്തർക്കും അവരുടെ നയങ്ങൾ പ്രഖ്യാപിക്കുവാൻ അവസരം കൊടുക്കട്ടെ.

(നീണ്ടുനിന്ന ബഹളം)

ശ്രീ. എം. വി. രാഘവൻ: ഇവിടെ ഒരു പോയിൻറുമാത്രമേ ഉള്ളു. ഓർഡർ ഒന്നുമില്ല. എന്താണ് പോയിൻറ്? ഒരു പോയിൻറുമാത്രമേയുള്ളു. ഇവിടെ ഈ ഗവൺമെൻറിനു ഒരു നയമില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞു. (ബഹളം). വളരെ സമയം നീണ്ടുനിന്നതിനിടയിൽ അംഗങ്ങൾ പരസ്പരം പലതും വിളിച്ചുപറയുന്നുണ്ടായിരുന്നു.)

ശ്രീ. എം. വി. രാഘവൻ: നയമില്ലാത്ത ഒരു ഗവൺമെൻറുണ്ടോ? നയം എന്താണെന്ന് ചർച്ച ചെയ്യണ്ടേ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സ്വന്തം അനുയായികളെ ശാന്തരാക്കിയതിനുശേഷം അവർക്ക് പ്രത്യേകം പ്രത്യേകം നയങ്ങളുണ്ടെങ്കിൽ ആ നയങ്ങൾ പ്രഖ്യാപിക്കുവാൻ സൗകര്യം കൊടുക്കട്ടെ. എല്ലാപേരും പ്രത്യേകം പ്രത്യേകം നയങ്ങളാണ് പ്രഖ്യാപിക്കുന്നത്. കരുണാകരൻ ഒരു നയം, എ. കെ. ആൻറണിക്ക് ഒരു നയം, ഇങ്ങനെയുള്ള നയങ്ങളാണ് സർക്കാരിൻറെ നയങ്ങളെന്ന് ഗവൺമെൻറ് പ്രഖ്യാപിക്കട്ടെ. അല്ലാതെ നയമില്ലാത്ത ഗവൺമെൻറിൻറെ ചെയ്തികളിൽ പങ്കെടുക്കുവാൻ ഞങ്ങൾക്കു ബാധ്യതയില്ല. (ബഹളം).

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഈ ശബ്ദത്തിന് ഇടയ്ക്കു പോലും (ബഹളം) എൻറെ സ്നേഹിതൻ ശ്രീ. ടി. എച്ച്. മുസ്തഫാ ഉന്നയിച്ച പ്രസക്തമായ ഒരു ചോദ്യം ഞാൻ കേട്ടു. അദ്ദേഹത്തിനു പോലും പ്രസക്തമായ ചോദ്യം ചോദിക്കാൻ കഴിയുമെന്നുള്ളതിൽ ഞാൻ സന്തോഷിക്കുകയും ചെയ്തു. ആ ചോദ്യം എന്താണെന്നുവച്ചാൽ ശ്രീ. പി. കെ. വാസുദേവൻ നായർ മുഖ്യമന്ത്രി ആയപ്പോൾ നയപ്രഖ്യാപനം നടത്തിയോ എന്നായിരുന്നു. ഇത് ബഹളത്തിനിടയിലും അദ്ദേഹം ചോദിക്കുന്നത് ഞാൻ കേട്ടു. (ബഹളം) ക്ഷമയായി കേൾക്കണം. ശ്രീമാൻ എ. കെ. ആൻറണി രാജിവച്ചതിനുശേഷം ഞാൻ മുഖ്യമന്ത്രിയായപ്പോൾ.... (ബഹളം) ശ്രീമാൻ എ. കെ. ആൻറണി രാജിവച്ച് അദ്ദേഹത്തിൻറെ സ്ഥാനം ഞാൻ ഏറ്റെടുത്തപ്പോൾ ആദ്യമായി ഞാൻ ചെയ്ത പ്രസ്താവന ശ്രീമാൻ എ. കെ. ആൻറണിയുടെ ഗവൺമെൻറിൻറെ തുടർച്ചയാണ് എൻറെ ഗവൺമെൻറ് എന്നാണ്. എ. കെ. ആൻറണിയുടെ ഗവൺമെൻറിൻറെ തുടർച്ചയാണ് എൻറെ ഗവൺമെൻറ് എന്നു ഞാൻ പ്രഖ്യാപിച്ചു. എന്നാൽ ശ്രീമാൻ സി. എച്ച്. മുഹമ്മദുകോയയുടെ പ്രസ്താവന ഇതൊരു പുതിയ ഗവൺമെൻറാണ്, പഴയ ഗവൺമെൻറിൻറെ തുടർച്ച അല്ല എന്നാണ്. അതുകൊണ്ടാണ് ഈ സഭയിൽ ഞാൻ ഈ പ്രധാനപ്പെട്ട ചോദ്യം ഉന്നയിച്ചത്. ഇതൊരു പുതിയ ഗവൺമെൻറാണെന്നു പറഞ്ഞാൽ ആ പുതിയ ഗവൺമെൻറിന് ഒരു നയം വേണം. (ബഹളം) പുതിയ ഗവൺമെൻറാണെങ്കിൽ പുതിയ ഗവൺമെൻറിന് ഒരു നയം വേണം. എൻറെ സ്നേഹിതൻ പറഞ്ഞു, നയമില്ല എന്ന്. നയമില്ലായ്മയാണ് അദ്ദേഹത്തിൻറെ നയം. (ബഹളം) മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ ഇവിടെ റിക്കാർഡുചെയ്തിട്ടുണ്ട്. അദ്ദേഹത്തിന് നയം ഉണ്ടായിട്ടില്ല. ഇനി വേണം നയം ഉണ്ടാക്കാൻ എന്നു പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ദയവുചെയ്തു ബഹുമാനപ്പെട്ട അംഗങ്ങൾ സഭാനടപടികൾ ശരിക്കു കൊണ്ടുപോകാൻ അനുവദിക്കണമെന്നു് അഭ്യർത്ഥിക്കുന്നു. ദയവുചെയ്തു് എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും സഹകരിക്കണമെന്നു് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണു്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. മി. ഉണ്ണീ ഞാൻ ഇവിടെ നിൽക്കുയാണു്. ബഹുമാനപ്പെട്ട അംഗങ്ങൾ സദയം ക്ഷമിച്ചു് സഭാനടപടികളിൽ സഹകരിക്കണമെന്നപേക്ഷിക്കുകയാണു്.

(സഭയിൽ ബഹളം തുടർന്നുകൊണ്ടേയിരുന്നു.)

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇന്നിവിടെ അധികാരത്തിൽ വന്നിരിക്കുന്ന ഗവൺമെൻറ്.....

(ബഹളം കാരണം യാതൊന്നും വ്യക്തമല്ല)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. സഭാനടപടികൾ അൽപനിമിഷത്തേക്കു് നിറുത്തിവച്ചിരിക്കുന്നു; എല്ലാ പാർട്ടിനേതാക്കളും ദയവുചെയ്തു് എൻെറ ചേംബറിലേക്കു് വരണമെന്നഭ്യർത്ഥിക്കുന്നു.

(രാവിലെ 9.25-നു് സഭാനടപടികൾ നിറുത്തിവയ്ക്കുകയും 10-10-നു് ബഹുമാനപ്പെട്ട സ്പീക്കറുടെ അധ്യക്ഷതയിൽ സഭ വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

II. ശ്രദ്ധക്ഷണിക്കൽ

മുല്ലപ്പെരിയാർ അണക്കെട്ടിൻെറ അപകടനില

മി. സ്പീക്കർ: ശ്രീ. പി. സി. ജോസഫിനു് സംസാരിക്കാം.

(ഈ സമയത്തു് പ്രതിപക്ഷത്തിലെ മിക്ക മെമ്പറൻമാരും എണീറ്റു നിന്നു ബഹളമുണ്ടാക്കുകയും ഡസ്കിലടിച്ചു് ശബ്ദമുണ്ടാക്കുകയും ചെയ്തുകൊണ്ടിരുന്നു.)

ശ്രീ. പി. സി. ജോസഫ്: മുല്ലപ്പെരിയാർ അണക്കെട്ടു് ഇന്നു് ഇടുക്കി, എറണാകുളം, കോട്ടയം ജില്ലകളിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ഭയമായി മാറിയിരിക്കുകയാണു്. അതു നിർമ്മിച്ച സാങ്കേതിക വിദഗ്ദ്ധർ പറഞ്ഞ കണക്കനുസരിച്ചുതന്നെ അതിൻെറ നിർമ്മാണ കാലാവധി കഴിഞ്ഞിട്ടു് ഇപ്പോൾ 34 വർഷങ്ങൾ പിന്നിട്ടിരിക്കുകയാണു്. 34 വർഷങ്ങൾ പിന്നിട്ട ഒരു അണക്കെട്ടിൻെറ ഭാവിയെ സംബന്ധിച്ചു് എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലെ ആളുകൾ ഭയപ്പെട്ടു കഴിയുകയാണു്. ഏതാണ്ടു് 84 കൊല്ലം മുൻപു് ഇടുക്കിയിൽ പെരിയാറ്റിൽ മുല്ലപ്പെരിയാർ എന്ന സ്ഥലത്തു് ആരംഭിച്ച അണക്കെട്ടു് അതിൻെറ സാങ്കേതിക വിദഗ്ദ്ധർ പറഞ്ഞ കണക്കനുസരിച്ചു് 50 വർഷം കഴിഞ്ഞിട്ടു് പിന്നെയും 34 വർഷംകൂടി പിന്നിട്ടിരിക്കുകയാണു്. 84 വർഷങ്ങൾക്കുമുൻപു് മുല്ലപ്പെരിയാർ അണക്കെട്ടു് നിർമ്മാണഘട്ടത്തിലിരിക്കുമ്പോൾ അതിൻെറ നിർമ്മാണത്തിനു് ഉത്തരവാദിത്വം വഹിച്ച അതിൻെറ സാങ്കേതിക വിദഗ്ദ്ധർ

LIBRARY ARCHIVES Kerala Legislative Assembly